പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 216 — 10.06.2013-ൽ മറുപടിക്ക്.

## പോലീസ് സേനയുടെ ആധുനികവത്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് സേനയെ ആധുനികവത്ക്കരിക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണ് ;<br><br>(ബി) ആയതിന് എത്ര തുക ഏതെല്ലാം ഇനത്തിൽ ചെലവിട്ടു ; ഇനം തിരിച്ച് വ്യക്തമാക്കുമോ ; | (എ) & (ബി)<br><br>സംസ്ഥാന പ്ലാൻ പദ്ധതിയുടെ ഭാഗമായി പോലീസ് ഭരണ വിഭാഗത്തിൽ ഫയൽ സമർപ്പണം ഓൺലൈൻ ആക്കുന്നതിനായി ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസസിംഗ് സിസ്റ്റം (iAPS) നടപ്പിൽ വരുത്തി. നാളിതുവരെ പ്രസ്തുത സ്കീമിനായി രണ്ട് വർഷങ്ങളിലായി 375 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>പോലീസ് സ്റ്റേഷനുകൾ പരാതികൾ ഓൺലൈനായി സ്വീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ICT (ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി) എനേബിൾഡ് ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിച്ചു. ഇതിനായി 205 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>ഇതിനുപുറമേ പോലീസ് സേനയുടെ നവീകരണത്തിനായി 2000 മുതൽ 2012 വരെ 57,988.22 ലക്ഷം രൂപ ചെലവിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ, പോലീസ് ഉദ്യോഗസ്ഥർക്ക് താമസത്തിനുളള ക്വാർട്ടേഴ്സുകൾ, വിവിധ തരത്തിലുളള വാഹനങ്ങൾ, ആയുധങ്ങൾ, ഉപകരണങ്ങൾ, ട്രാഫിക് സംബന്ധമായ ഉപകരണങ്ങൾ, ശാസ്ത്രീയ കുറ്റാന്വേഷണ ഉപകരണങ്ങൾ, പരിശീലനം, വാർത്താവിനിമയം, കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദവിവരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |

(മറുപുറം)

(സി) പോലീസ് വിഭാഗത്തെ നവീകരിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

: (സി) ഉണ്ട്.

(ഡി) എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ?

: (ഡി) 2013-14-ലെ പോലീസ് നവീകരണത്തിനായിട്ടുള്ള ആക്ഷൻ പ്ലാനിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**